പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3586 26.06.2012 ൽ മറുപടിയ്ക്ക്

എസ്.സി./എസ്.ടി വിഭാഗക്കാർക്കും വികലാംഗർക്കും വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വികലാംഗർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട്, 1948 ലെ വ്യവസ്ഥകൾ പ്രകാരം കെ.എസ്.ഇ.ബി. പുറപ്പെടുവിച്ച 'കണ്ടീഷൻസ് ഓഫ് സപ്ലൈ' അനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർക്കും, വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിനും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. എന്നാൽ ഇലക്ട്രിസിറ്റി ആക്ട്, 2003 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2005 ൽ സപ്ലൈ കോഡ് പുറപ്പെടുവിച്ചതോടെ പഴയ ചട്ടങ്ങൾക്ക് സാധുതയില്ലാതായി. 2005 ലെ സപ്ലൈ കോഡിൽപട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ വൈദ്യുത പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വികലാംഗർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വ്യക്തികളെ ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ |

നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കൂടാതെ വികലാംഗർക്ക് സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച ഉത്തരവ് ഇറങ്ങിയത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | 28.01.2012 ൽ ബോർഡ് പുറപ്പെടുവിച്ച 224/2012 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**